പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :4309 17/05/2017-ൽ മറുപടിക്ക്

## ഇ.സി.ജി ടെക്നീഷ്യന്റെ പോസ്റ്റ് ക്രിയേഷൻ പ്രൊപ്പോസൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഹൃദ്രോഗത്താൽ മരിക്കുന്നവരുടെ വാർഷികക്കണക്ക് വ്യക്തമാക്കാമോ; പ്രസ്തുത രോഗചികിത്സയ്ക്കനിവാര്യമായ ഇ.സി.ജി വിഭാഗം അവഗണനയുടെ വക്കിലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിയ്ക്കുവാൻ എന്ത് നടപടി സ്വീകരിച്ചു; | (എ) | ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ ചികിത്സ തേടിയവരിൽ 2016 ൽ 1457 പേരും മെഡിക്കൽ വിദ്യാഭാസ വകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് 801 പേരും ഹൃദ്രോഗത്താൽ മരണപ്പെടുകയുണ്ടായി. ഇ.സി.ജി വിഭാഗം കാര്യക്ഷമമാക്കുവാൻ വേണ്ട നടപടികൾ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി സ്വീകരിച്ചു വരുന്നു. മെഡിക്കൽ കോളേജുകളിൽ ഇ.സി.ജി വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | ഇ.സി.ജി ടെക്നീഷ്യന്റെ പോസ്റ്റ് ക്രിയേഷൻ പ്രൊപോസൽ സംബന്ധിച്ച 874000/എച്ച് 2/ആ.കു.വ നമ്പർ ഫയലിന്മേൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) & (സി) | ആർദ്രം പദ്ധതിയിലുൾപ്പെടുത്തി 84 ഇ.സി.ജി ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. ഇതിൽ താലൂക്കാശുപത്രികളും ഉൾപ്പെടുന്നു. |
| (സി) | താലൂക്ക് ആശുപത്രികൾ മുതലെങ്കിലും ഇ.സി.ജി ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ആഫീസർ